**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **20-06-2024 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05/11/2020-ലെ സ.ഉ.(എം.എസ്)നം.214/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ചതാണ് ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ. ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതാത് വകുപ്പുകൾ പരിശോധിച്ചു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജസ്റ്റിസ് ശ്രീ.ജെ.ബി.കോശി കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ ശിപാർശയിൻമേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളും കമ്മിറ്റി പരിശോധിച്ചു തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് | (ബി) | അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ